PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Saturday, *the 28th October 1950*

Vol. II] **OFFICIAL REPORT** **[No. 8**

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Saturday, the 28th October 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate the number in the list of admitted questions for the day.]

1. Oral Answers

വില്ലേജ്റോഡുകൾക്കുള്ള കമ്മിറ്റി

*൩൫൫. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വില്ലേജ്റോഡുകൾ സംബന്ധിച്ച് അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുവാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ, കമ്മിറ്റിയേയെങ്കിലോ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥനോ കമ്മിറ്റി അംഗങ്ങളോ ആരാണ്;

(സി) ആ ഉദ്യോഗസ്ഥനോ കമ്മിറ്റിയോ വില്ലേജ്റോഡുകൾ സംബന്ധിച്ച് റിപ്പോർട്ടോ ശുപാർശയോ ഗവൺമെണ്ടിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൽ ചിറയിൻകീഴ് താലൂക്കിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിട്ടുണ്ട്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി: (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

(ബി) ഉദ്യോഗസ്ഥന്റെ പേർ ശ്രീ. കെ. ഐ. ഇടിക്കുള, അസിസ്റ്റന്റ് എൻജിനീയർ.

(സി) ഇല്ല.

(ഡി) (സി)-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: ഏതെല്ലാം താലൂക്കുകളിലാണ് വില്ലേജ് റോഡുകളുടെ അത്യാവശ്യമെന്നു കണ്ടുപിടിക്കാനാണോ ഈ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളത്?

ശ്രീ. ജോൺ ഫിലിപ്പോസ്: സംസ്ഥാനത്തുള്ള വില്ലേജ്റോഡുകളുടെ ഒരു സെൻസസ് എടുക്കുകയും അതനുസരിച്ച് ഒരു റോഡ് സ്കീം ഉണ്ടാക്കിയതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം അവയെപ്പറ്റി ഒരു പഞ്ചവത്സരപദ്ധതി റിപ്പോർട്ടും ഗവൺമെന്റിനു് സമർപ്പിക്കാനാണു് നിയമിച്ചിരിക്കുന്നതു്.

ശ്രീ പി. നാണു്: റിപ്പോർട്ടു് കിട്ടിയാൽ ഉടൻ റോഡുകളുടെ ജോലി തുടങ്ങുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: റിപ്പോർട്ടു് കിട്ടിയതിനുശേഷം സ്റ്റാൻഡിംഗു് അഡ്വൈസറി ബോർഡുമായിട്ടു് ആലോചിച്ചുവേണം പ്രവർത്തിക്കാൻ.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഈ ഉദ്യോഗസ്ഥന്റെ ഹെഡ് കാർട്ടേഴ്സു് എവിടെയായിരിക്കും?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: തിരുവനന്തപുരം ചീഫു് എൻജിനീയർ ആഫീസു് ആണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു് ഈ ജോലിക്കു് ഇദ്ദേഹത്തിനെ മാത്രമെ ചുമതലപ്പെടുത്തിയിട്ടുള്ളോ?

Sri E. John Philipose: A sub-division office has been created and there is a sub-division officer in charge of village communications development. He is given a Section Officer for each division under him.

ശ്രീ. പാഠം തളിയത്തു്: ഈ റിപ്പോർട്ടു് എന്നു സമർപ്പിക്കണമെന്നാണു് നിർദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: ആറു മാസത്തിനകം സമർപ്പിക്കണമെന്നാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ഓരോ ഡിവിഷനിലുമുള്ള ഡിവിഷൻ ആഫീസുകൾ, അല്ലെങ്കിൽ സെക്ഷൻ ആഫീസുകൾ മുഖാന്തിരം ഈ കാര്യത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ടു് ചെയ്താൽ പോരെ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: അവരുടെ സഹായവും ഈ കാര്യത്തിൽ വേണ്ടിവരും.

Sri. A. K. George: What are his terms of reference?

Sri. E. John Philipose: The collection of the census of all village and ryots' roads in the State and the preparation of a five-year plan for the development of communications.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: പി. ഡബ്ലിയു. അഡ്വൈസറി ബോർഡിൽ സംസ്ഥാനത്തുള്ള എല്ലാ താലൂക്കുകളിൽനിന്നും പ്രതിനിധികൾ ഉണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: ഇല്ല.

ശ്രീ. പി. നാണു: വില്ലേജു റോഡുകളെപ്പറ്റി ആക്ഷേപങ്ങളും പരാതിയുണ്ടെങ്കിൽ അവ ആര്ക്കാണു് സമർപ്പിക്കാനുള്ളതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: ചീഫു് എഞ്ചിനീയർക്കു്.

സാഹിബു് ബഹദൂർ അബ്ദുൾ അസീസു്: ഈ ഉദ്യോഗസ്ഥനെ ഈ ജോലിയിൽ നിയമിച്ചിട്ടു് എത്ര കാലമായി എന്നു പറയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: ഏകദേശം 8 മാസക്കാലമായി.

അഞ്ചൽ ഡിപ്പാർട്ടുമെന്റു്

*നമ്പർ 0. (ക) ശ്രീ പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ ഡിപ്പാർട്ടുമെന്റിന്റെ ഭരണം ഇൻഡ്യാ ഗവൺമെണ്ടു് നേരിട്ടു് എറ്റെടുക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly